**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **10-06-2021 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ഡി.എഫ്.ഐ.(ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ) പദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിർവ്വഹിച്ച ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേയിൽ എസ്റ്റിമേറ്റ് പ്രകാരം ഇനി പ്രവർത്തികളേതെങ്കിലും അവശേഷിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അഡീഷണൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |
| (ബി) | ഇതിൽ അവശേഷിക്കുന്ന പുറഞ്ഞാൺ മുതൽ പയ്യാവൂർ ടൗൺ വരെയുള്ള ഭാഗത്തിന്റെ പ്രവർത്തി മലയോര ഹൈവേ നിലവാരത്തിൽ നവീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന അറിയിക്കാമോ; | (ബി) | നിലവിൽ ഡി.എൽ.പി. യിൽ ഉൾപ്പെടുത്തി (7 മീറ്റർ ക്യാരേജ് വേ ബി.എം & ബി.സി ചെയ്ത് നവീകരിച്ച) പുറഞ്ഞാൺ മുതൽ പയ്യാവൂർ ടൗൺ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി മലയോര ഹൈവേ നിലവാരത്തിൽ നവീകരിക്കുവാനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |
| (സി) | കഴിഞ്ഞ പ്രളയകാലത്ത് മലയോര ഹൈവേയിൽ മൂണ്ടാന്നൂർ തോണിക്കടവ് ഭാഗത്ത് മണ്ണിടിഞ്ഞ് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നവീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനാ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ